©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE

# കേരള ഗസറ്റ്

## EXTRAORDINARY

അസാധാരണം

## PUBLISHED BY AUTHORITY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 24th June 2011<br>2011 ജൂൺ 24<br>3rd Ashadha 1933<br>1933 ആഷാഢം 3 | No.<br>നമ്പർ 1246 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (Ms.) No. 72/2011/LBR. *Dated, Thiruvananthapuram, 22nd June, 2011.*

**S. R. O. No. 383/2011.**—In exercise of the powers conferred by clause (a) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof, the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 1956/E1/2007/LBR dated 15th November, 2010 in the Kerala Gazette Extraordinary No. 2579 dated 16th November, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby fix the Minimum rates of wages payable to the employees employed in the Petrol Pumps Sector in the State of Kerala as specified in the Schedule hereto annexed and fix the date of publication of this notification in the Gazette as the date from which the rates shall come into force.

SCHEDULE

## I. Basic rate of Wages

| *Work/Designation* | *Monthly Basic Wages* |
|---|---|
| 1 *Group—A* | |
| (1) Manager | ₹ 4,630 |
| 2 *Group—B* | |
| (1) Accountant<br>(2) Computer Operator<br>(3) Clerk<br>(4) Bill Collector<br>(5) Cashier-cum-Bill Collector | ₹ 4,350 |
| 3 *Group—C* | |
| (1) Workers engaged in fuel filling<br>(2) Salesman<br>(3) Serviceman<br>(4) Serviceman-cum-Cashier | ₹ 4,350 |
| 4 *Group—D* | |
| (1) Tyre Airman<br>(2) Attender<br>(3) Peon<br>(4) Helper<br>(5) Watchman<br>(6) Security Workers | ₹ 3,800 |
| 5 *Group—E* | |
| (1) Cleaner<br>(2) Sweeper | ₹ 3,727 |

## II. Dearness Allowance

In addition to the basic wages, the employees shall be entitled for Dearness Allowance calculated on the basis of the latest available Consumer Price Index Numbers for each month published for the concerned District Headquarters by the Department of Economics and Statistics, Government of Kerala at the rate of ₹ 24.90 (Rupees Twenty Four and Ninety paise) per each point above 130 in the new series, i.e., 1998-99=100 per month.

For Wayanad and Idukki Districts, Dearness Allowance shall be paid on the basis of the Consumer Price Index Number published for Meppadi and Munnar centres respectively.

## III. Service Weightage

The employees who have completed five years or more in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage included in their basic wages:

1. Service period between 5 to 10 years—5% of basic wages.
2. Service period between 10 to 15 years—10% of basic wages.
3. Service period of 15 years and above—15% of basic wages.

## IV. Special Wages

Special Wages of ₹ 100 (Rupees Hundred only) per month shall be added to monthly basic wages of the employees working in the Municipalities or Corporation areas.

## V. Daily Wages

The daily rate, if any, in respect of the category of employees for whom monthly rate is fixed in this notification shall be calculated by dividing the total of monthly basic wages, dearness allowance, service weightage, special allowance by 26.

## VI. General Conditions

(a) If any category of employee is not included in this notification, such employee shall be eligible to get wages at the rate of wages fixed for the employees of equal status.

(b) The minimum rates of wages fixed as per notification issued as G. O. (Ms.) No. 100/2009/LBR dated 23rd July, 2009 and published as S. R. O. No. 643/2009 in Kerala Gazette Extraordinary No. 1352 dated 24th July, 2009 shall not be applicable to the category of workers from the date of the publication of this notification.

By order of the Governor,

B. Babu,

*Additional Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

After considering the objections and suggestions received on the preliminary notification issued as No. 1956/E1/2007/LBR dated 15th November, 2010 as provided under clause (b) of sub-section (1) of section 5 of the Minimum Wages Act, 1948 and in consultation with the Minimum Wages Advisory Board, Government have decided to fix the minimum rates of wages payable to the employees employed in the Petrol Pump Sector in the State of Kerala.

This notification is intended to achieve the above object.

# കേരള സർക്കാർ

## തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 72/2011/തൊഴിൽ. *തിരുവനന്തപുരം, 2011 ജൂൺ 22.*

**എസ്. ആർ. ഒ. നമ്പർ 383/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡം 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2010 നവംബർ 16-ാം തീയതിയിലെ 2579-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 നവംബർ 15-ാം തീയതിയിലെ 1956/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും, കേരള സർക്കാർ, കേരള സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

### പട്ടിക

**I. അടിസ്ഥാന വേതന നിരക്കുകൾ**

| *തസ്തിക/ജോലി* | *പ്രതിമാസ അടിസ്ഥാന വേതനം* |
|---|---|
| (1) | (2) |
| 1 വിഭാഗം—എ | |
| (1) മാനേജർ | ₹ 4,630 |
| 2 വിഭാഗം—ബി | |
| (1) അക്കൗണ്ടന്റ് | ₹ 4,350 |
| (2) കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| (3) ക്ലാർക്ക് | |
| (4) കാഷ്യർ | |
| (5) ബിൽ കലക്ടർ | |
| (6) കാഷ്യർ-കം-ബിൽ കലക്ടർ | |

| (1) | (2) |
|---|---|
| 3 <u>വിഭാഗം—സി</u> | |
| (1) ഇന്ധനം നിറച്ചുകൊടുക്കുന്ന ആൾ | ₹ 4,350 |
| (2) സെയിൽസ്മാൻ | |
| (3) സർവ്വീസ്മാൻ | |
| (4) സർവ്വീസ്മാൻ-കം-കാഷ്യർ | |
| 4 <u>വിഭാഗം—ഡി</u> | |
| (1) ടയർ എയർമാൻ | ₹ 3,800 |
| (2) അറ്റന്റർ | |
| (3) പ്യൂൺ | |
| (4) ഹെൽപ്പർ | |
| (5) വാച്ച്മാൻ | |
| (6) സെക്യൂരിറ്റി ജീവനക്കാരൻ | |
| 5 <u>വിഭാഗം—ഇ</u> | |
| (1) ക്ലീനർ | ₹ 3,727 |
| (2) സ്വീപ്പർ | |

**II. ക്ഷാമബത്ത**

അടിസ്ഥാന വേതനത്തിനു പുറമേ, ജീവനക്കാർക്ക് സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ ആസ്ഥാനങ്ങൾക്കുവേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന ഏറ്റവും പുതിയ ഉപഭോക്തൃവില സൂചികയുടെ 130 പോയിന്റിന് (1998-99=100) മുകളിൽ വരുന്ന ഓരോ പോയിന്റിനും പ്രതിമാസം 24.90 രൂപ (ഇരുപത്തിനാല് രൂപ തൊണ്ണൂറ് പൈസ) നിരക്കിൽ ക്ഷാമബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ ആസ്ഥാനങ്ങൾക്ക് യഥാക്രമം മേപ്പാടി, മൂന്നാർ കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**III. സർവ്വീസ് വെയിറ്റേജ്**

മിനിമം വേജസ് നിരക്ക് പ്രാബല്യത്തിൽ വരുന്ന ദിവസം ഒരു തൊഴിലുടമയുടെ അല്ലെങ്കിൽ സ്ഥാപനത്തിൽ അഞ്ച് വർഷത്തിൽ കുറയാത്തകാലം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക്, താഴെ പറയുന്ന നിരക്കിൽ സർവ്വീസ് വെയിറ്റേജിന് അർഹതയുണ്ടായിരിക്കുന്നതും അത് അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്:

| | | |
|---|---|---|
| 1. | അഞ്ചുവർഷം മുതൽ പത്ത് വർഷം വരെയുള്ള സേവന കാലയളവിന് | അടിസ്ഥാന വേതനത്തിന്റെ 5 ശതമാനം. |
| 2. | പത്തുവർഷം മുതൽ പതിനഞ്ച് വർഷം വരെയുള്ള സേവന കാലയളവിന് | അടിസ്ഥാന വേതനത്തിന്റെ 10 ശതമാനം. |
| 3. | പതിനഞ്ചുവർഷമോ അതിന് മുകളിലോ ഉള്ള സേവന കാലയളവിന് | അടിസ്ഥാന വേതനത്തിന്റെ 15 ശതമാനം. |

**IV. പ്രത്യേക വേതനം**

സംസ്ഥാനത്തെ മുനിസിപ്പാലിറ്റി അല്ലെങ്കിൽ കോർപ്പറേഷൻ പരിധിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രതിമാസം 100 രൂപ (നൂറ് രൂപ) പ്രത്യേക വേതനമായി അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**V. ദിവസ വേതനം**

ഈ വിജ്ഞാപന പ്രകാരം മാസനിരക്ക് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ജീവനക്കാരെ സംബന്ധിച്ച് ദിവസവേതനം കണക്കാക്കുന്നതിന്, പ്രതിമാസ അടിസ്ഥാന വേതനം, ക്ഷാമബത്ത, സർവ്വീസ് വെയ്റ്റേജ്, പ്രത്യേക അലവൻസ് എന്നിവയുടെ ആകെ തുകയെ ഇരുപത്തിയാറ് കൊണ്ട് ഭാഗിച്ച് കണക്കാക്കേണ്ടതാണ്.

**VI. പൊതു വ്യവസ്ഥകൾ**

(എ) ഏതെങ്കിലും വിഭാഗം ജീവനക്കാരെ ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ, അങ്ങനെയുള്ള ജീവനക്കാർക്ക് സമാനപദവിയിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വേതനം ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) 2009 ജൂലൈ 24-ലെ 1352-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 643/2009 ആയി പ്രസിദ്ധപ്പെടുത്തിയതും 2009 ജൂലൈ 23-ലെ ജി. ഒ. (എംഎസ്.) നമ്പർ 100/2009/തൊഴിൽ നമ്പരായി സർക്കാർ പുറപ്പെടുവിച്ചതുമായ വിജ്ഞാപന പ്രകാരം നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കുകൾ തൊഴിലാളികൾക്ക് ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ഈ മേഖലയിലെ ജീവനക്കാർക്ക് ബാധകമല്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ബാബു,

*ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാന പെട്രോൾ പമ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് 1948-ലെ മിനിമം വേജസ് ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം 2010 നവംബർ 15-ാം തീയതിയിലെ 1956/ഇ1/2007/തൊഴിൽ നമ്പർ പ്രാഥമിക വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.